കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം15/1812/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി : 24-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നന്നമ്പ്രഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്രഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം 15/1812/2017 തിയ്യതി: 24-08-2017

## മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06-12-2016 മുതൽ 13-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-07-2017 മുതൽ 22-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ. അലി അക്ബർ . കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ജിഷ കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ മുഹമ്മദ് ഹസ്സൻ | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.യു.കെ പീതാംബരൻ | 01.04.2016 മുതൽ 27.04.2016 വരെ |

| | |
|---|---|
| ശ്രീ.ജോളി ജോൺ . ജെ (സെക്രട്ടറി ഇൻ ചാർജ്) | 28.04.2016 മുതൽ 31.05.2016 വരെ |
| ശ്രീ.യു.കെ പീതാംബരൻ | 01.06.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോളി ജോൺ . ജെ | 01.04.2016 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.അനീസ് സി | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രാഗേഷ് പി കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ദിവ്യ.കെ | 01.04.2016 മുതൽ 01.11.2016 വരെ |
| | ശ്രീ. ഷാജി.പി | 02.11.2016 മുതൽ 26.11.2016 വരെ |
| | ശ്രീമതി. സംഗീത വി | 27.11.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. പ്രമോദ് എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലീല സി പി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ രാജൻ കെ ജി | 01.04.2016 മുതൽ 30.04.2016 വരെ |
| | ഒഴിവ് | 01.05.2016 മുതൽ 03.06.2016 വരെ |
| | ശ്രീ റഷീദ് പി എം | 04.06.2016 മുതൽ 21.02.2017 വരെ |
| | ശ്രീ സൈയ്തലവി ഇ പി | 22.02.2017 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.എം എസ് സുധീർ | 01.04.2016 മുതൽ 18.04.2016 വരെ |
| | ഡോ. പി രഞ്ജിത്ത് | 19.04.2016 മുതൽ 07.07.2016 വരെ |
| | ഡോ. ഇ കെ അബ്ദുറസാക്ക് | 08.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സി കെ ഹേമലത | 01.04.2016 മുതൽ |

| | | |
|---|---|---|
| (ആയുർവേദം) | | 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | ഡി ആന്റ് ഒ ലൈസൻസ് പൊതു അപാകതകൾ | 2-1 | |
| 13 | തൊഴിൽ നികുതി – പൊതു അപാകതകൾ | 2-2 | |
| 14 | ലൈബ്രറി – നടത്തിപ്പിൽ അപാകത | 2-3 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-1 | |
| 16 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകിയത്- | 3-2 | |

| | | | |
|---|---|---|---|
| | പണി പൂർത്തീകരിച്ചിട്ടില്ല. | | |
| 17 | കൃഷി ഓഫീസർ നിർവ്വഹണം വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണം - അപാകതകൾ - സംബന്ധിച്ച് | 3-3 | |
| 18 | അലോപ്പതി-മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 3-4 | |
| 19 | ആയുർവ്വേദം-മരുന്ന് മുഴുവൻ ലഭ്യമാക്കിയിട്ടില്ല | 3-5 | |
| 20 | ഗുണ നിലവാരമില്ലാത്ത ടി എച്ച് ആർ എസ് അംഗൻവാടികളിൽ വിതരണം ചെയ്തു | 3-6 | |
| 21 | ഐ സി ഡി എസ് സൂപ്പർ വൈസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ | 3-7 | |
| 22 | അംഗൻവാടി പ്രവർത്തകർക്ക് അധികവേതനം നൽകിയത് വികസനഫണ്ടിൽ നിന്ന് | 3-8 | |
| 23 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്-വിതരണത്തിലെ അപാകതകൾ | 3-9 | |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-10 | |
| 25 | വീട് പണി പൂർത്തീകരിച്ചിട്ടില്ല. | 3-11 | |
| 26 | ടെൻഡർ ഷെഡ്യൂൾ വില ഗ്രാമപഞ്ചായത്തിന് ലഭ്യമാകാത്തത് | 3-12 | |
| 27 | ഭരണസമിതി തീരുമാനങ്ങൾ: ട്രാക്ടർ,പ്രിന്റിംഗ് പ്രസ്സ് ഉപകരണങ്ങളുടെ ലേലനടപടി ത്വരിതപ്പെടുത്തൽ | 3-13 | |
| 28 | ആശ്രയ പദ്ധതി - അവലോകനം | 3-14 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 45 | Audit Certificate | 2 | |
| 46 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 47 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 48 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 29.02.2016 ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 12/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14-07-2017 മുതൽ 22-07-17 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷികകണക്കിൻമേൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം

ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി, കറന്റ് ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

3. ബിൽഡിംഗ് പെർമിറ്റ്, ജനന – മരണ രജിസ്റ്റർ, മാര്യേജ് രജിസ്റ്റർ എന്നിവയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

4. സാമ്പത്തിക പത്രികയിൽ മുൻ വർഷത്തെ താരതമ്യ തുക രേഖപ്പെടുത്തിയിട്ടില്ല.

5. ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരമുള്ള തുക സാംഖ്യ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.

6. തൊഴിലില്ലായ്മ വേതനം എ.സി.ആർ പ്രകാരമുള്ള ചെലവ് 52920/- ആണ്. എന്നാൽ, വാർഷിക കണക്കു പ്രകാരം 45720/- ആണ്.

7. അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. 2015-16സർട്ടിഫിക്കറ്റിൽ കാണിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

| | 2016-17 |
|---|---|
| മുന്നിരിപ്പ് | 2,20,63,393.43 |
| വരവ് | 4,77,08,174 |
| ആകെ | 6,97,71,567.43 |
| ചെലവ് | 4,08,34,568 |
| നീക്കിയിരിപ്പ് | 2,89,36,999.43 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവു ശതമാനം | നീക്കിയിരിപ്പ് 40(b) വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13126461 | 13126461 | 11065189 | 2061272 | 84.29% | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1842411 | 1842411 | 1841721 | 690 | 99.96% | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 13466 | 13466 | 0 | 13466 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6984828 | 6984828 | 4248328 | 2736500 | 60.82% | 0 |
| സംരക്ഷണ ഗ്രാന്റ് | 0 | 3647130 | 3647130 | 2155717 | 1491413 | 59.10% | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| (റോഡിതരം) | | | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7361685 | 7361685 | 5074422 | 2287263 | 68.93% | 0 |
| ലോക ബാങ്ക് സഹായം | 0 | 3878488 | 3878488 | 150000 | 3728488 | 3.86% | 0 |
| എൻ ആർ ഇ ജി എസ് | 4573 | 8559892 | 8564465 | 8459365 | 105100 | 98.75% | 0 |
| ബി ഫണ്ട് | 0 | 38605065 | 38605065 | 38605065 | 0 | 100% | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 55833756 | 98 | 27875437 | 42 | 9 | 65.77% |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം- സംക്ഷിപ്തം

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 3490500 | 5 | 2365910 | 0 | 1 | 83.33 |
| അസി. എഞ്ചിനീയർ | 70 | 20725635 | 26 | 9699175 | 42 | 2 | 37.14 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 1050000 | 3 | 614617 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 1 | 400000 | 1 | 400000 | 0 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 4 | 1250000 | 2 | 450000 | 0 | 2 | 50 |
| ഹെഡ് മാസ്റ്റർ | 3 | 750000 | 3 | 736310 | 0 | 0 | 100 |
| ഐ.സി.ഡി.എസ് സൂപർവൈസർ | 6 | 5192600 | 6 | 5126675 | 0 | 0 | 100 |
| വി.ഇ.ഒ | 11 | 10449500 | 7 | 2394000 | 3 | 4 | 63.63 |
| അസിസ്റ്റൻറ് സെക്രട്ടറി (നിർവഹണം നടത്തിയത്- സെക്രട്ടറി) | 6 | 2113500 | 3 | 935000 | 3 | 0 | 50 |
| സെക്രട്ടറി | 39 | 10412021 | 30 | 5153750 | 7 | 2 | 77 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 248% വര് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3881332 | 6404715 | 2523383 | (+) 65 |
| നികുതിയേതര വരവുകൾ | 902478 | 1012245 | 109767 | (+) 12 |
| മറ്റു വരവുകൾ | 10837106 | 11918064 | 1080958 | (+)10 |
| ആകെ | 15620916 | 19335024 | 3714108 | (+)24 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45720 | 32 |
| കർഷകതൊഴിലാളി വേതനം | 2643420 | 275 |
| വിധവാപെൻഷൻ | 11803710 | 944 |
| വാർദ്ധക്യകാല പെൻഷൻ | 19502380 | 1342 |
| വികലാംഗ പെൻഷൻ | 3914715 | 323 |
| വിവാഹ ധനസഹായം(വിധവകളുടെ പെൺമക്കൾക്ക്) | 220000 | 11 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 201760 | 15 |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | - | - | - |
| 2 | കർഷകതൊഴിലാളി വേതനം | 12 | 12 | 3 | - |
| 3 | വിധവാപെൻഷൻ | 79 | 79 | 3 | - |
| 4 | വാർദ്ധക്യകാല പെൻഷൻ | 454 | 454 | 10 | - |
| 5 | വികലാംഗപെൻഷൻ | 41 | 35 | 14 | 6 എണ്ണം അന്വേഷണം കഴിഞ്ഞ് നാളിതുവരെ തിരികെ ലഭ്യമാക്കിയിട്ടില്ല) |
| 6 | വിവാഹ ധനസഹായം | 6 | 6 | - | - |
| 7 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | - | - | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6230/- രൂപ ക്യാഷ് ബാലൻസ് /നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 അഭ്യന്തര നിയന്ത്രണം

1. ഹെഡ്മാസ്റ്റർ ടി ആർ 7A ക്യാഷ്ബുക്ക് ഉപയോഗിക്കുന്നില്ല.
2.പഞ്ചായത്തിൽ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3.ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 15.06.2017മുതൽ | 05/2017 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | 17.06.2017 വരെ | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2017 മുതൽ<br>08.02.2017 വരെ | 2011-12 മുതൽ<br>2015-16 വരെ | 29-03-2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

(i)ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 3 ലെ പട്ടിക1 ൽ ക്രമനമ്പർ 143 ആയി പാരാമെഡിക്കൽ സ്ഥാപനങ്ങൾ ,ലാബുകൾ മുതലായവയുടെ നടത്തിപ്പിനും ക്രമ നമ്പർ 149 ആയി റേഷൻ കടകളും ലൈസൻസ് എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2016-17 ൽ പഞ്ചായത്തു പരിധിയിൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ അവയ്യൊന്നും തന്നെ ഡി ആന്റ് ഒ ലൈസൻസ് നൽകിയിട്ടില്ല എന്നു കാണുന്നു.. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നടത്തിപ്പുകാരൻ | രജിസ്ട്രേഷൻ നമ്പർ |
|---|---|---|---|
| 1 | സമീക്ഷ ആയുർ ക്ലിനിക് | ഡോ. സേതുനാഥ്.ടി | 01/16-17(200) |
| 2 | ട്വിൻസ് മെഡിസിറ്റി ക്ലിനിക്ക് | ഡോ. ആഷിഖ് വി | 02/16-17(50) |
| 3 | ദയ മെഡിക്കൽ ലബോറട്ടറി | താജുദ്ദീൻ എം എം | 03/16-17(50) |
| 4 | ഡോ. റുഫ്സാനാസ് തെയ്യാല ഡെന്റൽ ക്ലിനിക്ക് | ഷക്കീബ് ളുമ്പത്ത് | 04/16-17(200) |
| 5 | MN'S Wellness clinic | മുഹമ്മദ് താണിവേപ്പിൽ | 05/16-17(50) |
| 6 | ഡോ. അനൂപ് സ് ടൂത്ത് കെയർ ഡെന്റൽ ക്ലിനിക്ക് | ഡോ. അനൂപ് | 06/16-17(200) |

പഞ്ചായത്ത് പരിധിയിൽ നിലവിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവരാരും തന്നെ ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടില്ല.

ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചതിന് മേൽ സ്ഥാപനങ്ങൾക്കെതിരായി ചട്ട പ്രകാരം നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പൊതു അപാകതകൾ

2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(i)തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഏത് അർദ്ധവർഷം |
|---|---|---|
| 1 | അൽ അൻസാർ ട്രാവൽസ് | 1st and 2nd half |
| 2 | MN's Wellness clinic | 2nd half |
| 3 | ഇവാകോ ഫൂട്ട് വെയർ | 2nd half |
| 4 | D T G O ഹൈസ്കൂൾ, കുണ്ടൂർ | 2nd half |
| 5 | ദയ ഹെൽത്ത് സെന്റർ | 1st and 2nd half |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(ii).സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നമ്പർ | സ്ഥാപനം | ഏത് അർദ്ധവർഷം |
|---|---|---|
| 1 | നന്നമ്പ്ര സർവ്വീസ് സഹകരണ ബാങ്ക്, തെയ്യാല | 1st and 2nd half |
| 2 | നന്നമ്പ്ര സർവ്വീസ് സഹകരണ ബാങ്ക്, ചെറുമുക്ക് | 1st and 2nd half |
| 3 | ഇവാകോ ഫൂട്ട് വെയർ | 1st and 2nd half |
| 4 | ബി എസ് എൻ എൽ കുണ്ടൂർ | 1st and 2nd half |
| 5 | MN's Wellness clinic | 1st and 2nd half |
| 6 | തെയ്യാല ഡെന്റൽ ക്ലിനിക്ക് | 1st and 2nd half |
| 7 | അൽ അൻസാർ ട്രാവൽസ് | 1st and 2nd half |
| 8 | ദയ ഹെൽത്ത് സെന്റർ | 1st and 2nd half |

മേൽ സ്ഥാപനങ്ങളിൽ നിന്നുംസ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(iii)സംസ്ഥാന സർക്കാർ ജി ഒ (എം എസ്സ്)/202/11/G.Edn തീ 07.10.11 ആയി പുറപ്പെടുവിച്ചിട്ടുള്ള അൺ എയ്ഡഡ് സ്കൂളുകൾക്ക് CBSC/ICSE അഫിലിയേഷന് സർക്കാറിൽ നിന്നുള്ള NOC ലഭിക്കുന്നതിന് സ്കൂളുകൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ -7 ൽ ജീവനക്കാർക്ക് ഗവൺമെന്റ് സ്കൂളിലെ സമാന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും അലവൻസും നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ 4.09.2012 ലെ ഉത്തരവ് WP(C) 1042/2012 പ്രകാരം പ്രൈമറി ക്ലാസ്സുകളിലെ അധ്യാപകർക്ക് കുറഞ്ഞത് 10000 രൂപ പ്രതിമാസ വേതനം സ്കൂൾ മാനേജ്മെന്റ് നൽകേണ്ടതുണ്ട്. പഞ്ചായത്ത് പരിധിയിൽ 3 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ 300, 180 സ്ലാബുകളിൽ നികുതി ഒടുക്കുന്നവരോ, നികുതി ബാധ്യതയില്ലാത്തവരോ ആണെന്നാണ് റിട്ടേണുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സ്കൂളുകളിലെ ജീവനക്കാരുടെ റിട്ടേണുകള കൃത്യമായ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

(iv) പഞ്ചായത്ത് പരിധിയിലുള്ള 8 റേഷൻ കടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 ലൈബ്രറി പ്രവർത്തനം തൃപ്തികരമല്ല

പഞ്ചായത്ത് ഗ്രന്ഥാലയത്തിലെ പ്രവേശന പതിവേട്, വരിസംഖ്യ വിവര പുസ്തകം, ഗ്രന്ഥവിവരപ്പുസ്തകം, വിതരണ പതിവേട് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1.ഗ്രന്ഥാലയത്തിന് നിയമാവലി തയ്യാറാക്കിയിട്ടില്ല.

2.പ്രവേശനപ്പട്ടിക പ്രകാരം 494 അംഗങ്ങളാണുള്ളത്. എന്നാൽ സജീവമായി ഇപ്പോൾ 30 പേർ മാത്രമാണുള്ളത്.

3.ഗ്രന്ഥവിവരപ്പുസ്തകത്തിൽ 2469 പുസ്തകങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, പുസ്തകങ്ങളുടെ വാർഷിക ഭൗതിക പരിശോധന കാലങ്ങളായി നടത്താത്തതിനാൽ എത്ര പുസ്തകങ്ങളാണ് ഗ്രന്ഥാലയത്തിൽ യഥാർത്ഥത്തിലുള്ളതെന്ന വ്യക്തമല്ല. വാർഷികമായി ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.പുസ്തകങ്ങൾ സമ്പൂർണമായി അതിന്റെ Accession Register (സ്റ്റോക്ക് രജിസ്റ്റർ) രേഖപ്പെടുത്തിയിട്ടില്ല. ടി രജിസ്റ്ററിൽ പുസ്തക നമ്പറും , ഗ്രന്ഥ കർത്താവിന്റെ പേരും, പ്രസിദ്ധീകരിച്ച വർഷം , അച്ചടിച്ച സ്ഥലം , അച്ചടിച്ച തിയ്യതി , ISBN നമ്പർ (ലഭ്യമാണെങ്കിൽ) , പുസ്തകത്തിന്റെ വില എന്നിവ കൂടി ടി രജസ്റ്ററിൽ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

5. ഗ്രന്ഥാലയത്തിന് സ്ഥിരം കെട്ടിടമുണ്ടെങ്കിലും ഫർണിച്ചറിന്റെ അപര്യാപ്തത മൂലം പുസ്തകങ്ങൾ ശരിയായി ക്രമീകരിക്കുന്നതിനുള്ള സൗകര്യം ഇല്ല. ഗ്രന്ഥാലയത്തിനോട് ചേർന്ന പ്രവർത്തിക്കുന്ന വായനശാല സജീവമാണെങ്കിലും ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമമല്ല
6.സ്ഥിരം ലൈബ്രേറിയൻ ഇല്ലാത്തതിന്റെ കുറവ് : – ഗ്രന്ഥലായത്തിന് വിദഗ്ധരായ ലൈബ്രേറിയന്മാരെ ലഭിച്ചില്ല. പരിചയസമ്പന്നരായ ലൈബ്രേറിയൻമാരുടെ സേവനം പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനും ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. മേഖലാടിസ്ഥാനത്തിലുള്ള ചുമതല നിർവഹിക്കുന്നതിനപ്പുറത്തേക്ക് ഗ്രന്ഥാലയം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലേക്ക് വളർത്തുന്നതിന് പഞ്ചായത്ത് നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പരിചയ സമ്പന്നരായ ലൈബ്രേറിയനേയും നിയമാവലിയും എല്ലാം സജ്ജമാക്കി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനിക വൽകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ കാണുന്ന പ്രൊജക്ടുകൾക്ക് ചെലവഴിച്ച തുക അതാതിനു നേരെ കാണിച്ച കാരണങ്ങളാൽ തടസ്സം ചെയ്യുന്നു..

| ക്രമ നം. | പദ്ധതി | പ്രൊജക്ട് നം./തി. | തുക | വൗച്ചർ നം.തി | അപാകത |
|---|---|---|---|---|---|
| 1 | ഐ.കെ. എമ്മിനു സാങ്കേതിക സഹായം | 34/16-17 | 71650 | 51600377 1.10.16 | വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| 2 | എസ്.എസ്.എ. വിഹിതം | 23/16-17 | 2303000 | 51600380 | „” |

| | | | | | |
|---|---|---|---|---|---|
| | | | | 1.10.16 | |
| 3 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് | 102/16-17 | 100000 | 51600782<br>16.3.17 | രശീതി ,കരാർ,<br>ലഭ്യമായ വിവരം ഇല്ല |
| 4 | പി.എം.എ.വൈ.വിഹിതം | 124/16-17 | 80000 | 51600783<br>16.3.17 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 5 | താലൂക്ക് ഡയാലിസിസ് യൂണിറ്റിനു സഹായം | 131/16-17 | 100000 | 51600793<br>21.3.17 | “” |
| 6 | സാനിറ്ററി നാപ്കിൻ വിതരണം | 56/16-17 | 50853 | 51600742<br>9.3.17 | “” |
| 7 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം | 58/16-17 | 100000 | 51600640<br>21.2.17 | “” |
| 8 | ഐ.എ.വൈ. അധിക വിഹിതം-ജനറൽ | 24/16-17 | 80000 | 51600379<br>1.10.16 | “” |
| 9 | ഐ.എ.വൈ. അധിക വിഹിതം-എസ്.സി.പി | 25/16-17 | 60000 | 51600378<br>1.10.16 | “” |
| 10 | ഐ.എ.വൈ. അധിക വിഹിതം-എസ്.സി.പി | 125/16-17 | 175000 | 51600784<br>21.2.17 | രസീതി, |
| | | | | | |
| | ആകെ | | 3120503 | | |

ഓരോ ഇനത്തിനും ചെലവഴിച്ച തുക അതാതു ആവശ്യങ്ങൾക്ക് വിനിയോഗിച്ചതു സംബന്ധിച്ച വിശദമായ രേഖകൾ ഓഡിറ്റിനു ഹാജരാക്കുന്നത് വരെ ചെലവ് തുക തടസപ്പെടുത്തുന്നു.

## 3-2 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകിയത്- പണി പൂർത്തീകരിച്ചിട്ടില്ല.

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകുന്നതിനായി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| S0072/17<br>എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകൽ - പദ്ധതി | 400000(വികസന ഫണ്ട്-SCP) | **185000** | 04/16-17 /25.03.2017 |

പ്രോജക്റ്റ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

| ഗുണഭോക്താവിന്റെ പേര് | മുൻകൂർ തുക നൽകിയത്/തീയതി | അപാകതകൾ |
|---|---|---|
| വേലായുധൻ | 50000 / 21.03.2017 | എസ്റ്റിമേറ്റ് ഇല്ല. വാസ യോഗ്യമായ വീട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഇല്ല. |
| ജാനു | 35000 / 21.03.2017 | എസ്റ്റിമേറ്റ് ഇല്ല. |
| മുണ്ടി | 50000 / 21.03.2017 | എസ്റ്റിമേറ്റ് ഇല്ല. |
| ഭാസ്കരൻ | 50000 / 21.03.2017 | എസ്റ്റിമേറ്റ് ഇല്ല. |

നാല്വ പേരുടെയും പഠനമുറി പണി പൂർത്തിയായ വിവരം ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(നമ്പർ 06/18-07-2017). പഠനമുറി പണി പൂർത്തിയായി അറിയിക്കുന്നത് വരെ, ചെലവ് തുക 185000/- തടസ്സം ചെയ്യുന്നു.

## 3-3 കൃഷി ഓഫീസർ നിർവ്വഹണം വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണം - അപാകതകൾ - സംബന്ധിച്ച്

1. പ്രൊജക്റ്റ് നമ്പർ **S0043/17 (**വെറ്റില കൃഷി വികസനം **-** ജൈവ വളം ധനസഹായം**)**

ബിൽ നമ്പർ : 1/16-17/24.03.2017 രൂപ 675000

അപാകതകൾ

1. അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ബാങ്ക് വഴിയാണ് പണം നൽകിയിരിക്കുന്നത്. എന്നാൽ, രശീതിയോ, ബാങ്ക് സ്റ്റേറ്റ്മേന്റോ ലഭ്യമാക്കിയിട്ടില്ല.

3) ഗുണഭോക്താക്കൾ വളം വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 675000 രൂപ തടസ്സം ചെയ്യുന്നു.

**2.** പ്രൊജക്റ്റ് നമ്പർ **S0051/17 (**സമഗ്ര നെൽകൃഷി വികസനം**)**

ബിൽ നമ്പർ : 3/16-17/24.03.2017 രൂപ 1532250

<u>അപാകതകൾ</u>

1) അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ബാങ്ക് വഴിയാണ് പണം നൽകിയിരിക്കുന്നത്. എന്നാൽ, രശീതിയോ, ബാങ്ക് സ്റ്റേറ്റുമെന്റോ ലഭ്യമാക്കിയിട്ടില്ല.

3) ഗുണഭോക്താക്കൾ വളം, കീടനാശിനി എന്നിവ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) വിത്തുകൾ വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 1532250 രൂപ തടസ്സം ചെയ്യുന്നു.

**3.** <u>പ്രൊജക്റ്റ് നമ്പർ **S0049/17 (**പച്ചക്കറി വിത്ത് വിതരണം**)**</u>

ബിൽ നമ്പർ : 5/16-17/30.03.2017 രൂപ 22000

അഗ്രികൾച്ചറൽ റിസർച്ച് സെന്റർ, ആനക്കയത്തിന് 22000 രൂപ (440കിറ്റുകൾക്ക്50രൂപ നിരക്കിൽ) പച്ചക്കറി വിത്ത് വിതരണത്തിനായി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, പച്ചക്കറി തൈ വിതരണം ചെയ്തതിന്റെ രേഖകൾ പ്രകാരം 337 കിറ്റുകളാണ് വിതരണം ചെയ്തിരിക്കുന്നത്. ബാക്കി കിറ്റുകൾ വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 5150 ( 103 കിറ്റ് x 50 രൂപ) രൂപ തടസ്സം ചെയ്യുന്നു.

**4.** <u>പ്രൊജക്റ്റ് നമ്പർ **S0001/17 (**ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ**)**</u>

ബിൽ നമ്പർ : 2/16-17/24.03.2017 രൂപ 89250

ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനായി 89250/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത രജിസ്റ്റർ പഞ്ചായത്തിന് കൈമാറിയിട്ടില്ല. ഓഡിറ്റിനും ലഭ്യമാക്കിയിട്ടില്ല.

രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ 89250/-രൂപ തടസ്സം ചെയ്യുന്നു.

## 3-4 <u>അലോപ്പതി-മരുന്ന് ലഭ്യമാക്കിയിട്ടില്ല.</u>

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ നന്നമ്പ്ര പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിന്റെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകൾ ഒന്നും തന്നെ, KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ/തീയതി | തുക | KMSCL -ന് ട്രാൻസ്ഫർ ചെയ്ത തീയതി/ഡി.ഡി. നമ്പർ |
|---|---|---|---|
| S0062/17<br>നന്നമ്പ്ര പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 3/16-17 /30.03.2017 | 100000 | 30-03-2017 |

100000/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നത് വരെ 100000/- രൂപ തടസ്സം ചെയ്യുന്നു.

## 3-5 <u>ആയുർവ്വേദം-മരുന്ന് മുഴുവൻ ലഭ്യമാക്കിയിട്ടില്ല</u>

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി ഔഷധിക്ക് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത്

വരെയായിട്ടും മുഴുവൻ മരുന്നുകളും ഔഷധി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ/തീയതി | തുക | ഔഷധിക്ക് ട്രാൻസ്ഫർ ചെയ്ത തീയതി/ഡി.ഡി. നമ്പർ |
|---|---|---|---|
| S0065/17<br>ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 1/16-17/14.01.2017 | 400000 | 15.12.2016 / 731990 |

348750/- രൂപയുടെ മരുന്നുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. എന്നാൽ, 51250/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാകുന്നത് വരെ 51250/- രൂപ തടസ്സം ചെയ്യുന്നു.

## 3-6 ഗുണ നിലവാരമില്ലാത്ത ടി എച്ച് ആർ എസ് അംഗൻവാടികളിൽ വിതരണം ചെയ്തു

നിർവ്വഹണോദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർ വൈസർ

പ്രോജക്ട് നമ്പർ :145/17 (അംഗൻവാടി പൂരക പോഷകാഹാരം)

(1) മേൽ പ്രോജക്ട് പ്രകാരം ടി എച്ച് ആർ എസ് (അമൃതം ന്യൂട്രി മിക്സ്) വിതരണം ചെയ്തതിന് പ്രിയം ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിന് താഴെ പറയുന്ന ബില്ലുകളിലായി 816608/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | തിയ്യതി | ഇൻവോയ്സ് നമ്പർ | തുക | ബിൽ നമ്പർ/ചെക്ക് നമ്പർ, തിയ്യതി |
|---|---|---|---|---|
| 1 | 26.07.16 | 491 | 64975 | 01/16-17/19.10.16 |
| 2 | 26.08.16 | 494 | 78252 | 01/16-17/19.10.16 |
| 3 | 07.10.16 | 497 | 118367 | 04/16-17/29.11.16 |
| 4 | 18.11.16 | 499 | 129102 | 05/16-17/18.11.16 |
| 5 | 22.12.16 | 503 | 116672 | 06/16-17/22.12.16 |
| 6 | 23.01.17 | 507 | 105372 | 10/16-17/06.03.17 |
| 7 | 22.02.17 | 508 | 109327 | 12/16-17/20.03.17(9490/-)+ cheque no. 1614371/25.03.17(99837/) |
| 8 | 18.03.17 | 512 | 94541 | 1614371/25.03.17 (94541/-) |
| | | | 816608 | |

19.08.16 ന് പ്രിയം ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിന് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിന്നും ലഭിച്ച സാക്ഷ്യപത്രം നമ്പർ 1060/2016-17തിയ്യതി 19.08.2016 പ്രകാരം 22.06.2016 ന് പരിശോധനക്കായി ലഭ്യമാക്കിയ സാമ്പിൾ ഉപയോഗയോഗ്യമല്ലെന്നും നിലവാരം കുറവാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2016 ആഗസ്റ്റ് മാസം മുതൽ നാളിതുവരെ ഇതേ കുടുംബശ്രീ ഗ്രൂപ്പിൽ നിന്നു തന്നെയാണ് ടി എച്ച് ആർ എസ് മിശ്രിതം അംഗൻവാടികളിലേക്ക് ലഭ്യമാക്കിയിട്ടുള്ളത്. 22.06.16 ന ശേഷം ലാബ് ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/17.07.2017) ലഭ്യമാക്കിയ മറുപടിയിൽ ജൂലായ് 2016മുതൽ ഇതേ കുടുംബശ്രീ യൂണിറ്റിൽ നിന്നാണ് ടി എച്ച് ആർ എസ് മിശ്രിതം വാങ്ങിയിട്ടുള്ളതെന്നും 2017 മാർച്ച് മാസത്തിലാണ് ലാബ് റിപ്പോർട്ട് ലഭ്യമാക്കിയതെന്നും പറയുന്നു.ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ ജില്ലാ മിഷനെ ഇക്കാര്യം അറിയിക്കുകയും യൂണിറ്റ് മാറ്റി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.2017 ജൂലായ് മാസത്തിൽ സാമ്പിൾ ലാബ് ടെസ്റ്റിനായി അയച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാവുന്ന മുറക്ക് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം അംഗൻവാടികളിൽ വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഐ സി ഡി എസ് സൂപ്പർ വൈസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ പൊതു അപാകതകൾ താഴെ ചേർക്കുന്നു

1.ജോലി ചെയ്യാത്ത കാലയളവിൽ ദിവസ വേതനം നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ: 46/16 അങ്കൺവാടി പ്രവർത്തകർക്കുള്ള അധികവേതനം

ബിൽ നമ്പർ: 04/16-17/20.03.2017 (400000/-)

മേൽ പ്രോജക്ട് പ്രകാരം അങ്കൺവാടി വർക്കർക്ക് മാസം 2200 രൂപയും ,ഹെൽപ്പർക്ക് 1450 രൂപയമാണ് അധിക വേതനമിനത്തിൽ നൽകേണ്ടത്. മേൽ ബിൽ പ്രകാരം ജനവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വേതനമിനത്തിൽ സെന്റർ നമ്പർ 148 ലെ വർക്കറായ ശ്രീമതി ബേബി സുനിത എന്നവർക്ക് 6387/- രൂപയും ദിവസവേതന വർക്കറായ ശ്രീമതി ക്രിഷ്ണിള എന്നവർക്ക് 6529/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ടി കാലയളവിൽ ശ്രീമതി ക്രിഷ്ണിള വർക്കറായി സേവനത്തിൽ ഇല്ലായിരുന്നു. ആയതിനാൽ ടിയാരിക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുക അധികമായി നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(02/17.07.2017) അധികം നൽകിയ തുക 18.07.2017 ന് 117100101808 രശീതി പ്രകാരം പഞ്ചായത്തിൽ തിരിച്ചടവാക്കി. ടി തുക കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.
ഇത്തരം അപാകതകൾ ഓഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ക്വട്ടേഷൻ അംഗീകരിച്ചതിൽ വ്യക്തതയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ: 48/16 അങ്കൺവാടികൾക്ക് കുക്കർ വാങ്ങൽ

ബിൽ നമ്പർ: 08/16-17/20.02.2017 (9800/-)

മേൽ പ്രോജക്ട് പ്രകാരം 4 അംഗൻവാടികളിലേക്കായി ക്വട്ടേഷൻ ക്ഷണിച്ച് കുക്കർ വാങ്ങിയിട്ടുണ്ട്. ലഭ്യമായ ക്വട്ടേഷനുകൾ പ്രകാരം കുക്കറുകളുടെ നിരക്കുകൾ താഴെ ചേർക്കുന്നു.

| | തൗഫീഖ് മെറ്റൽ | എലഗന്റ് ട്രേഡിംഗ് | റഫീഖ് ഹോം സെന്റർ |
|---|---|---|---|
| പ്രസ്റ്റീജ് | 2520 | 2540 | 2450 |
| ബട്ടർഫ്ലൈ | 2450 | - | - |
| ഐഡിയൽ | 1750 | - | - |
| പീജിയൺ | - | 2150 | 2150 |
| സൂര്യ | - | 1650 | 1650 |

15.02.2017 ലെ പഞ്ചായത്ത് തീരുമാനം നമ്പർ 10 പ്രകാരം റഫീഖ് ഹോം സെന്റർ എന്നവർ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം 3 കമ്പനികളുടെ കുക്കറുകളാണുള്ളതെന്നിരിക്കെ ആയതിൽ ഏതാണ് വാങ്ങേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല ആയതിൽ കുറഞ്ഞ റേറ്റുകളുള്ളവ ഒഴിവാക്കി കൂടുതൽ റേറ്റുള്ള പ്രസ്റ്റീജ് ആണ് പർച്ചേസ് ചെയ്തിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/17.07.2017) നൽകിയ മറുപടിയിൽ പ്രസ്റ്റീജ് പ്രഷർ കുക്കറിന് പുറമേക്ക് അടക്കുന്ന അടപ്പായതിനാൽ

കുട്ടികളുടെ സുരക്ഷിതത്വം കണക്കിലെടുത്താണ് ആയയു വാങ്ങിയതെന്ന അറിയിച്ചു. ഭരണ സമിതി തീരുമാനമെടുക്കുമ്പോൾ വ്യക്തത വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 അംഗൻവാടി പ്രവർത്തകർക്ക് അധികവേതനം നൽകിയത് വികസനഫണ്ടിൽ നിന്ന്

നിർവ്വഹണോദ്യോഗസ്ഥ: ഐ സി ഡി എസ് സൂപ്പർ വൈസർ

പ്രോജക്ട് നമ്പർ: 46/17അംഗൻവാടി പ്രവർത്തകർക്കുള്ള അധികവേതനം

ബിൽ നമ്പർ: 03/16-17/24.11.16 (600000/-)

ബിൽ നമ്പർ: 14/16-17/20.03.17 (400000/-)

ചെക്ക് നമ്പർ: 1614349/22.02.17 (521498/-)

ചെക്ക് നമ്പർ: 1614363/18.03.17 (21564/-)

മേൽ പ്രോജക്ട് പ്രകാരം 1000000/-രൂപ അങ്കൺവാടി പ്രവർത്തകർക്കുള്ള അധികവേതനമിനത്തിൽ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സ.ഉ(സാ.ധാ)നം.636/2016/ തസ്വഭവ തിയ്യതി 16.02.2016 , സ.ഉ(എം. എസ്)നം.21/2016/സാ.നീ.വ തിയ്യതി, തിരുവനന്തപുരം 25.02.2016 എന്നീ ഉത്തരവുകൾ പ്രകാരം അങ്കൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും അധികവേതനമിനത്തിൽ നൽകേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. തനതു ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ അധികവേതന തുക വികസനഫണ്ടിൽ നിന്നും നൽകാവുന്നതാണെന്നാണ് മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപ്പെടുത്തലുകൾ കൂടാതെയാണ് വികസന ഫണ്ടിൽ നിന്നും അധിക വേതനമിനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത്. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/17.07.2017) ലഭ്യമാക്കിയ മറുപടിയിൽ ആയതിന് സെക്രട്ടറിയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത് . സർക്കാർ ഉത്തരവുകൾ മറികടന്ന് പ്രോജക്ട് ഉണ്ടാക്കാൻ ആധാരമാക്കിയ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-9 ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്- വിതരണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ :70/17 (ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് )

ബിൽ നമ്പർ : 01/16-17 / 21.02.2017

തുക : 500000/-

മേൽ പ്രോജക്ട് പ്രകാരം 73 കുട്ടികൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മേൽ തുകകൾ ട്രഷറിയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായെന്ന മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

മേൽ പ്രോജക്ടിനായി പഞ്ചായത്ത് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന കാണുന്നു.മാനസിക വൈകല്യമുള്ളവർക്ക് പഠിക്കുന്ന ക്ലാസ്സ് നോക്കാതെ താഴെ പറയുന്ന ഇനങ്ങളിലായി പരമാവധി 18200/-രൂപ കൂടാതെ ഉല്ലാസയാത്രാ , പഠനച്ചെലവുകൾ എന്നിവക്കായി 1000/- രൂപയും നൽകാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ് ബത്ത | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സ്കോളർഷിപ്പ്(പ്രതിമാസം) | 1000 | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 | 800 |
| 3 | പഠനസഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 1400 | 1400 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 | 4000 |
| | | | 18200 |

എന്നാൽ മേൽ പ്രോജക്ട് പ്രകാരം മാനസിക വൈകല്യമുള്ളവർക്ക് പരമാവധി നൽകിയ തുക 8000/-രൂപയാണ്. ചില കുട്ടികൾക്ക് 6000,5300,5000/-എന്നിങ്ങനെയും നൽകിക്കാണുന്നു. അർഹമായ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ : 69/17 (പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ)

ബിൽ നമ്പർ : 02/16-17/21.02.2017

തുക : 186310/-(17*4980+19*5350)

മേൽപദ്ധതി പ്രകാരം 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന 36 എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് അടങ്കൽ തുക 200000/- രൂപയാണ്.മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ജി ഒ(ആർ. ടി) 2487/2016 തസ്വഭവ തിയ്യതി 20.08.2016 പ്രകാരം പഞ്ചായത്തിൽ പ്രോക്യൂർമെന്റ് മാന്വൽ അനുസരിച്ചാണ് പർച്ചേസ് നടത്തേണ്ടത്. 200000/-രൂപ അടങ്കൽ വരുന്ന മേൽ പർച്ചേസിനായി ലിമിറ്റഡ് ടെൻഡർ നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത്. ആയതിൻ പ്രകാരം 10സപ്ലൈയേഴ്സിന് ടെൻഡർ നോട്ടീസ് അയക്കേണ്ടതും 5പേരിൽ നിന്നെങ്കിലും ടെൻഡർ ലഭിച്ചില്ലെങ്കിൽ ഓപ്പൺ ടെൻഡർ നടപടികൾക്കായി പ്രാദേശിക പത്രത്തിൽ പരസ്യം ചെയ്യേണ്ടതാണ്. മേൽ നടപടികളൊന്നും പാലിച്ചതായി കാണുന്നില്ല. 04.11.2016 ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ആരും പങ്കെടുത്തില്ലെന്നും 12.01.2017 ന് നടത്തിയ ക്വട്ടേഷനിൽ ഒരാൾ മാത്രമാണ് പങ്കെടുത്തതെന്നുമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.ടിയാനിൽ നിന്നാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. ആയത് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/19.07.2017) ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 186310/- രൂപ തടസ്സം ചെയ്യുന്നു.

2. മാർഗ്ഗരേഖ പ്രകാരം സ്കൂൾ വഴിയാണ് സൈക്കിൾ വിതരണം ചെയ്യേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

3. പ്രൊക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗ് മിനുട്സ് പ്രകാരം (തിയ്യതി 19.10.2016) ടി പദ്ധതി ടെൻഡർ നടപടി മുഖേന നടപ്പിലാക്കുന്നതിന് ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.എന്നാൽ പർച്ചേസ് ചെയ്യേണ്ട സാധനത്തിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.പിന്നീട് 18.0 3.2017 ന് കൂടിയ മീറ്റിംഗിൽ ഹെഡ്മാസ്റ്റർ പദ്ധതി പ്രകാരം ടെൻഡർ മുഖേന സൈക്കിൾ വാങ്ങി നൽകിയ നടപടി അംഗീകരിച്ചുവെന്ന് കാണുന്നു. എന്നാൽ ഏത് ടെൻഡർ അംഗീകരിച്ചെന്നത് വ്യക്തമാക്കിയിട്ടില്ല.പ്രോക്യൂർമെന്റ് കമ്മറ്റിയിൽ വാങ്ങേണ്ട സാധനത്തിന്റെ സ്പെസിഫിക്കേഷൻ ,ഗുണനിലവാരം എന്നിവ കൃത്യമായി തീരുമാനിക്കേണ്ടതും ക്യട്ടേഷൻ/ ടെൻഡർ നടപടി സ്വീകരിച്ചതിനുശേഷം വിലകൾ/ഗുണനിലവാരം താരതമ്യം ചെയ്ത് ക്വട്ടേഷൻ/ടെൻഡർ അംഗീകരിക്കേണ്ടതുമാണ്.

## 3-11 വീട് പണി പൂർത്തീകരിച്ചിട്ടില്ല.

2015-16, 2016-2017 വർഷങ്ങളിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന നിർമ്മാണ പ്രൊജക്ടിൽ(പ്രൊജക്ട് നമ്പർ : S0017/16) ധനസഹായം കൈപ്പറ്റിയ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൊടുത്ത വർഷം | പൂർത്തിയായ സ്റ്റേജ് |
|---|---|---|---|
| ശ്രീനിവാസൻ കരാപറമ്പ് | 20000.00<br>60000.00 | 2015-2016<br>2015-2016 | ലിന്റൽ പൂർത്തീകരിച്ചു |
| ശാന്ത ചെറുമുക്ക് | 80000.00<br>60000.00 | 2015-2016<br>2015-2016 | ലിന്റൽ പൂർത്തീകരിച്ചു |

എത്രയും പെട്ടെന്ന് വീട് നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-12 ടെൻഡർ ഷെഡ്യൂൾ വില ഗ്രാമപഞ്ചായത്തിന് ലഭ്യമാകാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എകൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ് ) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്.

നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ 2013-14മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയറുടെ 12.12.2016ലെ DB1-7942/2016/CE/LSGD നമ്പർ സർക്കുലറിൽ ഐ.ടി മിഷനിൽ നിന്നുമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ പൂർത്തികരിച്ച് എ.ഒ.സി അപ് ലോഡ് ചെയ്യുമ്പോൾ നിരതദ്രവ്യം ഓട്ടോമാറ്റിക്കായി ബിഡർമാരുടെ എക്കൗണ്ടിലേക്ക് തന്നെ തിരികെ പോകുന്ന സംവിധാനം 21.12.2106 മുതൽ നിലവിൽ വന്നതായി വ്യക്തമാക്കിയിട്ടുണ്ട്. എഗ്രിമെന്റ് അതോറിറ്റി കരാറിൽ ഏർപ്പെടുന്ന സമയത്ത് 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരിൽ നിന്നും നേരിട്ട് സ്വീകരിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

2013-14മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും ഇതിലൂടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിൽ വരുന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. 2016-17 വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, മിനിമാസ്റ്റ് സ്ഥാപിക്കൽ പ്രോജക്ടുകൾ ഇ-ടെൻഡർ ചെയ്തത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് ബാങ്ക് എക്കൗണ്ട് വഴിയായതിനാൽ ടെൻഡർ ഫോറം വില പഞ്ചായത്തിന് അനുവദിക്കാൻ 21.04.2017 ലെ കത്തിലൂടെ അഭ്യർത്ഥിക്കുന്നുണ്ട്. എന്നാൽ തുക നാളിതുവരെ ലഭ്യമായിട്ടില്ലായെന്ന് കാണുന്നു.

2016-17 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ കാണിച്ചവ ഇ-ടെൻഡർ ചെയ്തതാണ്.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ തുക | കരാറുകാരുടെ എണ്ണം | ടെൻഡർ ഫോറം ആകെ വില (വിൽപ്പന നികുതി ഒഴികെ) |
|---|---|---|---|---|
| 1 | 76/2017 | 5 ലക്ഷം രൂപ | 3 | 3000 രൂപ |
| 2 | 83/2017 | 6 ലക്ഷം രൂപ | 3 | 3600 രൂപ |
| 3 | 91/2017 | 5 ലക്ഷം രൂപ | 3 | 3000 രൂപ |
| 4 | 93/2017 | 6 ലക്ഷം രൂപ | 3 | 3600 രൂപ |
| 5 | 109/2017 | 5.25ലക്ഷം രൂപ | 3 | 3150രൂപ |
| 6 | 111/2017 | 9.95ലക്ഷം രൂപ | 8 | 15920 രൂപ |
| 7 | 117/2017 | 27ലക്ഷം രൂപ | 3 | 7500 രൂപ |

പഞ്ചായത്ത് സെക്രട്ടറിയുടെ നിർവ്വഹണത്തിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുസ്ഥാപിക്കലുമായി ബന്ധപ്പെട്ട രണ്ട് പ്രവൃത്തികളുടെ തുകയും തൻവർഷത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ളതാണ്. ഇതോടൊപ്പം 2013-14 മുതൽ 2015-16 കാലയളവിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ടെൻഡർ ഫോറം വിലയും ഗ്രമപഞ്ചായത്തിന് തിരിച്ച് കിട്ടാനുള്ളതാണ്.

പഞ്ചായത്തിൽ 2017-18 വർഷം മുതൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഏറെക്കുറെ പൂർണ്ണമായും ഇ-ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കുന്ന സാഹചര്യത്തിൽ ടെൻഡർ ഷെഡ്യൂൾ വിൽപ്പനയിലൂടെയുള്ള വരുമാനത്തിൽ ചോർച്ച വരാനുള്ള സാഹചര്യമാണുള്ളത്. സർക്കാർ നിർദ്ദേശമനുസരിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിലേക്ക് 2013-14 മുതൽ ഓൺലൈനായി വന്നതും ഗ്രാമപഞ്ചായത്തിന് ലഭക്കേണ്ടതുമായ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ഭരണസമിതി തീരുമാനങ്ങൾ: ട്രാക്ടർ,പ്രിന്റിംഗ് പ്രസ്സ് ഉപകരണങ്ങളുടെ ലേലനടപടി ത്വരിതപ്പെടുത്തൽ

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി മോര്യകാപ്പ് പാടശേഖര സമിതിക്ക് കൈമാറിയ ട്രാക്ടർ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്ന പരാതിയെ തുടർന്ന് കോടതി നടപടികളിലൂടെ ട്രാക്ടർ സ്ഥാപനത്തിന് തിരികെ ലഭിക്കുന്നുണ്ട്. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ ട്രാക്ടർ നിലവിൽ കൃഷി ഭവൻ കോമ്പൗണ്ടിലാണുള്ളതെന്ന് ഭരണസമിതി തീരുമാനത്തിൽ നിന്നും വ്യക്തമാകുന്നു. കാലപ്പഴക്കമുള്ളതിനാൽ മറ്റൊരു പാടശേഖര സമിതിക്ക് കൈമാറാനാവാത്തതിനാൽ പി. ഡബ്ലിയു. ഡി മെക്കാനിക്കൽ അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയമെടുത്ത് വിൽപ്പന നടത്താനും ഭരണ സമിതി തീരുമാനമുണ്ട്. ട്രാക്ടറിന്റെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ വിശദാംശം എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് വാഹനത്തിന്റെ

കസ്റ്റോഡിയനായിരുന്ന വ്യക്തിയിൽ നിന്നും ശേഖരിച്ച് നൽകുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിച്ചു. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ 16 ാം വാർഡിൽ തട്ടത്തലം ലക്ഷം വീട് കോളനിക്ക് വേണ്ടി വാങ്ങിയ രണ്ട് ഏക്കർ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടില്ലായെന്നും അതുവരെ കോളനിയിൽ നടക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവെക്കണമെന്നുമുള്ള പരാതിക്ക് കോളനി സർവ്വെ ചെയ്യുന്നതിന് താലൂക്ക് സർവ്വേയർക്ക് അപേക്ഷ നൽകിയതായിയും സർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് അഭ്യർത്ഥിക്കാൻ തീരുമാനിച്ചതായും 28.09.2016 ലെ 4(6) ാം നമ്പർ തീരുമാനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരണത്തിന് ബന്ധപ്പെട്ട് താലൂക്ക് സർവയറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമന്നാണ് വിശദീകരണം ലഭിച്ചത്.

ഗ്രാമ പഞ്ചായത്തിന്റെ 1999-2002 കാലയളവിലെ വികസന ഫണ്ടുപയോഗിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭമായ പ്രിന്റിംഗ് പ്രസ്സ് പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വാടകകുടിശ്ശിക നൽകുന്നതിൽ നിന്നും ഗ്രാമ പഞ്ചായത്തിനെ ഒഴിവാക്കി കോടതി വിധി വന്നതാണ്. ഇതിനെ തുടർന്ന് പ്രവർത്തനം നിശ്ചലമായ നന്നമ്പ്ര പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും പ്രിന്റിംഗ് പ്രസ്സും അനുബന്ധ യന്ത്രസാമഗ്രികളും വീണ്ടെടുക്കുന്നതിനുള്ള നടപടി സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതാണ്. നിലവിലില്ലാത്ത നന്നമ്പ്ര പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും പ്രസ്തുത സാമഗ്രികളുടെ ഉടമസ്ഥത ധനസഹായം നൽകിയ സ്ഥാപനമെന്ന നിലയിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച് കിട്ടുന്നതിനും ആയവ കൂടുതൽ നാശോൻമുഖമായിത്തീരുന്നതിന് മുമ്പ് ലേലം ചെയ്ത് പഞ്ചായത്തിനുണ്ടായ നഷ്ടം ഭാഗികമായെങ്കിലും നികത്തുന്നതിന് കോടതി അനുമതി വാങ്ങാൻ 13.05.2016 ലെ(2) ഭരണ സമിതി യോഗം തീരുമാനിക്കുന്നുണ്ട്. ഇതിനായി കോടതിയെ സമീപിച്ച് അന്യായം ഫയൽ ചെയ്യാൻ വക്കീലിനെ ചുമതലപ്പെടുത്തിയെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിച്ചത്. തുടർ നടപടി വിവരം ഓഡിറ്റിന് യഥാസമയം ലഭ്യമാക്കേണ്ടതാണ്.

## 3-14 ആശ്രയ പദ്ധതി - അവലോകനം

2003 മുതൽ സംസ്ഥാന വ്യാപകമായി ആരംഭിച്ച അഗതി പുനരധിവാസ പദ്ധതിയായ ' ആശ്രയ ' 2004-2008 കാലയളവിലാണ് നന്നമ്പ്ര ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കി തുടങ്ങുന്നത്. 2010-2011 കാലയളവിൽ തുടർ പദ്ധതി നടപ്പിലാക്കി. അതിന് ശേഷം 2014-2017 കാലയളവിൽ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതുക്കിയ ആശ്രയ പ്രോജക്റ്റ് ആവിഷ്കരിച്ചത്.ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ നടത്തിയ സർവ്വേയിൽ കണ്ടെത്തിയ 50 അഗതി കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയത്.

നാളിതുവരെയുള്ള പദ്ധതി വിവരം

| നാളിതുവരെയുള്ള വരവ്/അടങ്കൽ | നാളിതുവരെയുള്ള ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| 450000(C.F.C)<br>200000(PLAN)<br>450000(BLOCK SHARE)<br>80500(OWN FUND)<br>301200 (ചലഞ്ച് ഫണ്ട്) | 150000(C.F.C)<br>180000(PLAN)<br>300000(BLOCK SHARE)<br>19500(OWN FUND)<br>(293310ചലഞ്ച് ഫണ്ട്) | 300000(C.F.C)<br>20000(PLAN)<br>150000(BLOCK SHARE)<br>61000(OWN FUND)<br>7890 (ചലഞ്ച് ഫണ്ട്) |

| | | |
|---|---|---|
| 1481700 | 942810 | 538890 |

മൊത്തം അടങ്കൽ തുകയുടെ 36.3% മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്.നടപ്പാക്കിയ പദ്ധതി പരിശോധിച്ചാൽ ലക്ഷ്യമൊന്നും കൈവരിച്ചില്ല എന്ന് വ്യക്തമാകും.2016-17 സാമ്പത്തിക വർഷം ആശ്രയ അക്കൗണ്ടിൽ താഴെ പറയും പ്രകാരം തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട് .

ആശ്രയ ഭവനനിർമ്മാണം - 301160 (15-10-2016)

ആശ്രയ അക്കൗണ്ടിൽ നിന്നും 2016-17 ൽ 2 ഗുണഭോക്താക്കൾക്ക് 80000 രൂപ വീതം നല്കി. 31-3-2017 ൽ ആശ്രയ അക്കൗണ്ടായ കാനറ ബാങ്ക്, നന്നമ്പ്ര ബ്രാഞ്ചിൽ 3786201000043 -ാം നമ്പർ അക്കൗണ്ടിൽ 9941/- രൂപ നീക്കിയിരിപ്പുണ്ട്.

പദ്ധതി പ്രകാരം 17 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് പ്രൊജക്ട് വിഭാവനം ചെയ്തുവെങ്കിലും 2 വീടുകൾ മാത്രമാണ് നിർമ്മിച്ച് നൽകിയത്. ആശ്രയ പദ്ധതി സംഗ്രഹം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | 2nd പ്രൊജക്ട് 2014-2017 |
|---|---|---|
| 1 | ആകെ ഗുണഭോക്താക്കൾ | 50 |
| 2 | വീടിന് സ്ഥലം ആവശ്യമുള്ളവർ | 12 |
| 3 | വീടിന് സ്ഥലം ലഭിച്ചവർ | 1 |
| 4 | വീട് ആവശ്യമുള്ളവർ | 17 |
| 5 | വീട് ലഭിച്ചവർ | 2 |
| 6 | ഭക്ഷണം ആവശ്യമുള്ളവർ | 50 |
| 7 | ഭക്ഷണം ലഭിച്ചവർ | 48 |
| 8 | വീട് റിപ്പയർ ആവശ്യമുള്ളവർ | 12 |
| 9 | വീട് റിപ്പയർ ലഭിച്ചവർ | 6 |
| 10 | കക്കൂസ് ആവശ്യമുള്ളവർ | 12 |
| 11 | കക്കൂസ് ലഭിച്ചവർ | -- |

| | | |
|---|---|---|
| 12 | കുടിവെള്ളം ആവശ്യമുള്ളവർ | 12 |
| 13 | കുടിവെള്ളം ലഭിച്ചവർ | -- |
| 14 | വൈദ്യുതി ആവശ്യമുള്ളവർ | -- |

2017 ൽ പ്രൊജക്ട് പൂർത്തീയായപ്പോഴും പദ്ധതി ലക്ഷ്യം കണ്ടിട്ടില്ല. തുടർ പ്രൊജക്ട് രൂപീകരിച്ചിട്ടില്ല.

സാമൂഹികവും സാമ്പത്തികവുമായി ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തിന് കൈത്താങ്ങാവുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ആശ്രയ പദ്ധതി പരാജയപ്പെടാൻ പാടില്ലാത്തതാണ്.ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

### 1-4 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 12,000 | പ്രൊജക്ട് നം. 262/17 പാലിന് സബ്സിഡി | 12,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100,000 | പ്രൊജക്ട് നം. 94/17 പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം | 100,000 | 0 |

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് സി ബി, വെന്നിയൂർ | 15/17 സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള അനുബന്ധ ചെലവുകൾ | വൗച്ചർ നമ്പർ 21600738/ 09.03.17 | 23100 | Nil | 23100 |
| കെ എസ് സി ബി, വെന്നിയൂർ | 55/17 തറാല കുഞ്ഞിമുട്ടി സ്മാരകറോഡിൽ സ്ട്രീറ്റ് മെയിൻ | വൗച്ചർ നമ്പർ 21600490/ 20.12.16 | 200000 | Nil | 200000 |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ | | | | |
| കെ എസ് സി ബി, വെന്നിയൂർ | 57/17 10 ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21600491/ 20.12.16 | 58310 | Nil | 58310 |
| കെ എസ് സി ബി, വെന്നിയൂർ | 67/17 സി കെ പടി നാടഞ്ചേരി പള്ളി കുന്നംപുറം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21600574/ 24.01.17 | 161400 | Nil | 161400 |
| കെ എസ് സി ബി, വെന്നിയൂർ | 71/17 ചിറക്കോട്ടുത്തഴം സ്റ്റേഡിയം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21600814/ 23.03.17 | 153000 | Nil | 153000 |
| കെ എസ് സി ബി, വെന്നിയൂർ | 126/17കാരിയിൽ ഇടവഴി റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21600817/ 23.03.17 | 50575 | Nil | 50575 |
| കെ എസ് സി ബി, വെന്നിയൂർ | 127/17 തെയ്യാല-പാണ്ടിമുറ്റം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21600815/ 23.03.17 | 148700 | Nil | 148700 |
| കെ എസ് സി ബി, വെന്നിയൂർ | 128/17 കാവുങ്ങൽ ഇടവഴി റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21600816/ 23.03.17 | 51825 | Nil | 51825 |
| കെ എസ് സി ബി, വെന്നിയൂർ | 130/17 വെള്ളിയാമ്പുറം-കുന്നംപുറം റോഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വൗച്ചർ നമ്പർ 21600818/ 23.03.17 | 203775 | Nil | 203775 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 123/17 ജി എം യു പി സ്കൂൾ കുഴൽ കിണർ നിർമ്മാണം | വൗച്ചർ നമ്പർ 21600798/ 31.03.17 | 37670 | Nil | 37670 |

മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 4-3 <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>

ഇല്ല

## 4-4 <u>വായ്പ/ വായ്പ തിരിച്ചടവ്</u>

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1300500 |
| തൻവർഷം നിക്ഷേപിച്ച തുക | 120250 (പലിശ) |
| ആകെ | 1420750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 1420750 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം – 2016-17

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 1420250 | FDR.No 004607 |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഷെയർ | 500 | No.55 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2014-15 | 2 (4) | 600 | ഹംസഹാജി കക്കുന്നത്ത് കുറുപ്പം വീട്ടിൽ | 11610104156 01.10.2016 |
| 2013-14 | 2 (4) | 100 | ബാബു ബാലകൃഷ്ണൻ, കൊല്ലഞ്ചേരി | 11610104359 05.10.2016 |
| 2014-15 | 2 (3) | 642 | മൊയ്തീൻ കുട്ടി പരിയത്ത് , കാലായി | 11610104669 17.10.2016 |
| 2013-14 | 2(4) | 100 | അബ്ദുൾ സലാം , അൻവാറുൽ ഇസ്ലാം ചാരിറ്റബിൾ ട്രസ്റ്റ് | 11610105111 28.10.2016 |
| 2013-14 | 2(5) | 704 | മുഹമ്മദ് കുട്ടി | 11610105267 03.11.2016 |
| 2012-13 | 3(1) | 2280 | ശ്രീമതി ലീല സി പി ഐ സി ഡി എസ് സൂപ്പർവൈസർ | 11610105186 01.11.2016 |
| 2012-13 | 3(4) | 2533 | ശ്രീമതി ലീല സി പി ഐ സി ഡി എസ് സൂപ്പർവൈസർ | 11610105366 08.11.2016 |
| 2013-14 | 2(4) | 100 | സതി | 11610105367 08.11.2016 |
| 2011-12 | 3(8) | 10000 | ശ്രീ മോഹനൻ എൻ, നടുവീട്ടിൽ , വെള്ളിയാമ്പുറം | 11610103251 06.09.2016 |
| 2011-12 | 3(8) | 10000 | ശ്രീ മോഹനൻ എൻ, നടുവീട്ടിൽ , വെള്ളിയാമ്പുറം | 11610104459 07.10.2016 |
| 2011-12 | 3(8) | 10000 | ശ്രീ മോഹനൻ എൻ, നടുവീട്ടിൽ , | 11610106364 10.01.2017 |

| | | | | |
|---|---|---|---|---|
| | | | വെള്ളിയാമ്പുറം | |
| 2011-12 | 3(8) | 6400 | ശ്രീ മോഹനൻ എൻ, നടുവീട്ടിൽ , വെള്ളിയാമ്പുറം | 11610108158 24.03.2017 |
| 2015-16 | 2(1) | 990 | തുമ്പിൽ ഷാജഹാൻ | 11610107928 18.03.2017 |
| 2015-16 | 2(3) | 250 | ശ്രീമതി നിത്യമോൾ എം , ജെ പി എച്ച് എൻ | 11610107940 18.03.2017 |
| | | 45 | | 11610107941 18.03.2017 |
| 2013-14 | 2(7) | 1900 | ഷോപ്പ് മാനേജർ , മാവേലി സ്റ്റോർ , വെള്ളിയാമ്പുറം | 11610105764 24.11.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(2) | 2004-05 | പൊതുപരാമർശം 10-1-3 | ശുദ്ധജലപദ്ധതി അപാകതകൾ | നടപടികൾ തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2016-17 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,97,71,567.43 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,08,34,568 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5944983 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ അംഗീകരിക്കാത്ത തുക- ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(1) | 3120503 | ശ്രീ. യു കെ പീതാംബരൻ, സെക്രട്ടറി |
| 3(2) | 1,85,000 | ശ്രീ. ജോളി ജോൺ. ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3(3) | 23,01,650 | ശ്രീമതി. സംഗീത വി ,കൃഷി ഓഫീസർ |

| | | |
|---|---|---|
| 3(4) | 1,00,000 | ഡോ. അബ്ദു റസാഖ്, മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| 3(5) | 51,520 | ഡോ. ഹേമലത, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 3(10) | 1,86,310 | ശ്രീ. റഷീദ് പി എം , ഹെഡ്മാസ്റ്റർ |
| ആകെ | 5944983 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

-

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2005-06 | എൽ എഫ് എം.17/272/09 തിയ്യതി 13.07.09 | 6 | |
| 2006-07 | എൽ എഫ് എം.17/68/10 തിയ്യതി 11.12.11 | 10 | |
| 2007-08 | എൽ എഫ് എം.15/351/12 തിയ്യതി 22.05.12 | 22 | |
| 2008-09 | എൽ എഫ് എം.15/1400/11 തിയ്യതി 19.11.11 | 16 | |
| 2009-10 | എൽ എഫ് എം.15/1400/11 തിയ്യതി 19.11.11 | 15 | |
| 2010-11 | എൽ എഫ് എം.15/2065/13 തിയ്യതി 11.11.13 | 8 | |
| 2011-12, | എൽ എഫ് എം.15/3566/14 തിയ്യതി 06.02.15 | 11 | |
| 2012-13 | കെ എസ് എ എം പി എം 15/386/17 തിയ്യതി 14.06.2017 | 6 | |
| 2013-14,14-15 | കെ എസ് എ എം പി എം | 11 | |

| | | | |
|---|---|---|---|
| | 15/2110/16 തിയ്യതി 09.08.16 | | |
| 2015-16 | കെ എസ് എ എം പി എം 15/2110/16 തിയ്യതി 09.08.16 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം .15/1812/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി:24-08-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചം മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

mac9/17

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM.15/1812/2017

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 24-08-2017

Certified that I have audited the Annual Financial Statement of Nannambra Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Nannambra Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram